ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ക്രമം

വിഷയം:- ആ.വ.ഡ - ജീവനക്കാര്യം - സീനിയർ ക്ലാർക്കുമാരുടെ സ്ഥലം മാറ്റം- ഉത്തരവ് പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്.

പരാമർശം:- ബന്ധപ്പെട്ട ജീവനക്കാരുടെ അപേക്ഷകൾ.

ഉത്തരവ് നമ്പർ ഇ.ഡി1-2/2017/ആ.വ.ഡ,തീയതി 22.02.2017

ചുവടെ പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന സീനിയർ ക്ലാർക്കുമാരെ അവരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്ഥലം മാറ്റി അവരുടെ പേരിനു നേരെ സൂചിപ്പിച്ചിരിക്കുന്ന ജില്ലാ മെഡിക്കൽ ആഫീസർമാർക്ക് ഉചിതമായ നിയമനം നൽകുന്നതിനു വേണ്ടി നൽകിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ക്രമ നം	പേരും ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥാപനവും	നിയമനത്തിനായി അനുവദിച്ചിരിക്കുന്ന ജില്ല
1	ശ്രീ.ബദറുദ്ദീൻ.എം ജില്ലാ മെഡിക്കൽ ആഫീസ്(ആരോഗ്യം), പത്തനംതിട്ട	ജില്ലാ മെഡിക്കൽ ആഫീസ്(ആരോഗ്യം), കൊല്ലം
2	ശ്രീ.സജിലാൽ.എം ജില്ലാ ടി.ബി സെന്റർ, മഞ്ചേരി, മലപ്പുറം (തിരുവനന്തപുരം മെന്റൽ ഹെൽത്ത് അതോറിറ്റിയിൽ ഡെപ്യൂട്ടേഷനിൽ)	ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം (നിലവിലുള്ള ഒഴിവിൽ)

ടി ജീവനക്കാർ ജോലി ചെയ്യുന്ന സ്ഥാപനത്തിന്റെ മേധാവികൾ ടി ജീവനക്കാരെ നിയമനത്തിനായി അനുവദിക്കപ്പെട്ടിട്ടുള്ള ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാരിൽ നിന്നും നിയമന ഉത്തരവ് ലഭിച്ചാലുടൻ സേവനത്തിൽ നിന്ന് വിടുതൽ ചെയ്യേണ്ടതാണ്.

സെക്രട്ടറി, മെന്റൽ ഹെൽത്ത് അതോറിറ്റി, തിരുവനന്തപുരം ഈ ഉത്തരവ് ലഭിച്ചാലുടൻ ശ്രീ.സജിലാൽ.എം, സീനിയർ ക്ലാർക്കിന്റെ ഡെപ്യൂട്ടേഷൻ അവസാനിപ്പിച്ച് ടിയാന്റെ ലാവണത്തിലേക്ക് തിരിച്ച് വിടേണ്ടതാണ്. ജില്ലാ ടി.ബി ഓഫീസർ, മഞ്ചേരി, മലപ്പുറം ടിയാനെ വിടുതൽ ചെയ്യുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

ടി ജീവനക്കാരെ നിയമന ഉത്തരവിനായി അനുവദിക്കപ്പെട്ടിട്ടുള്ള ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർമാർ ഈ ഉത്തരവ് ലഭിച്ച ശേഷം അടിയന്തിരമായി നിയമന ഉത്തരവ് നൽകേണ്ടതാണ്.

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് നിയമന ഉത്തരവ് നൽകുന്നതിനും വിടുതൽ ചെയ്യുന്നതിനും ജോലിയിൽ പ്രവേശിക്കുന്നതിനും ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ്.

വിടുതൽ ചെയ്യുന്ന തീയതിയും, ജോലിയിൽ പ്രവേശിക്കുന്ന തീയതിയും ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

ഒപ്പ്/-
പി.ഉഷാ റാണി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ്: ബന്ധപ്പെട്ട ഉദ്യോഗസ്ഥർ

പകർപ്പ്-

1. ആരോഗ്യവകുപ്പ് ഡയറക്ടറുടെ / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി.എ.
2. ജില്ലാ മെഡിക്കൽ ഓഫീസർ, പത്തനംതിട്ട/കൊല്ലം
3. ഫയൽ/കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്